# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്,**
**വെള്ളാനിക്കര.**

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 23/16, വെള്ളിയാഴ്ച്ച** **തീയ്യതി 03.06.2016**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 04.06.2016 | 05.06.2016 | 06.06.2016 | 07.06.2016 | 08.06.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 33 | 25 | 35 | 32 | 55 |
| ഉയർന്ന താപനില (°C ) | 31 | 31 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 7 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 008 | 008 | 010 | 010 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 270 | 270 | 270 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | പട്ടാളപ്പുഴു | നേഴ്സറിയിലും നട്ട് ഉടനേയും പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാനിടയു്. 3-4 ഗ്രാം കാർബാറിൽ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കുക. |
| തെങ്ങ് | ഓലചീയൽ രോഗം | കൂമ്പോലകളുടെ അറ്റം കുമിൾ ബാധിച്ച് അഴുകി ഉണങ്ങി കാറ്റത്തു പറന്നു പോയി ഓലകൾ കുറ്റിയായി നിൽക്കുന്നതാണ് ഓലചീയൽ രോഗം. കാറ്റുവീഴ്ച്ചയുള്ള തെങ്ങുകളിൽ ഈ രോഗവും കാണാം. കഴിയുമെങ്കിൽ ഉണങ്ങി നിൽക്കുന്ന ഭാഗങ്ങൾ വെട്ടിമാറ്റുക. ബോർഡോ മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഈ മാസം മയിൽ തളിക്കുക. |
| ഇഞ്ചി, മഞ്ഞൾ | നടീൽ | ഇഞ്ചി, മഞ്ഞൾ എന്നിവ നടാൻ അനുയോജ്യമായ സമയമാണ്. |
| പച്ചക്കറികൾ | ഇലത്തീനിപ്പുഴു | പുകയിലകഷായം ഉപയോഗിച്ച് ഇലത്തീനിപ്പുഴുവിന്റെ ആക്രമണം ഫലപ്രദമായി നിയന്ത്രിക്കാം. അര കിലോഗ്രാം പുകയിലയോ, പുകയില ഞെട്ടോ ചെറുതായി അരിഞ്ഞ് 4.5 ലിററർ വെള്ളത്തിൽ ഒരു ദിവസം മുക്കി വയ്ക്കുക. പിന്നീട് പിഴഞ്ഞെടുത്ത് ചിമാററുക. ഇപ്രകാരം ലഭിച്ച പുകയിലച്ചാറിൽ 120 ഗ്രാം ബാർ സോപ്പ് ചെറുതായി അരിഞ്ഞ് വെള്ളത്തിൽ ലയിപ്പിച്ച് എടുത്ത ലായനി ചേർത്ത് നന്നായി ഇളക്കുക. ഈ പുകയിലകഷായം 6-7 ഇരട്ടി വെള്ളം ചേർത്ത് തളിക്കുക. |